Deivarajyam November 2017
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/11/2017
I Posted at Thodupuzha Stg.
Annual Subscription ₹ 100.00



St Zechariah and St Elizabeth



St Charles Borromeo



St Stanislaus






St Andrews

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

നവംബർ 2017 വാല്യം 56 ലക്കം 11

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# ആശംസകൾ



മാർ. റാഫേൽ തട്ടിൽ
ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ



മോൺ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
നിയുക്ത കൂരിയ മെത്രാൻ



മോൺ. ജോസഫ് പാംപ്ലാനി
തലശ്ശേരി അതിരൂപതയുടെ
നിയുക്ത സഹായ മെത്രാൻ



മോൺ. സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ
ഹോസൂർ രൂപതയുടെ നിയുക്ത മെത്രാൻ



മോൺ. ടോണി നീലങ്കാവിൽ
തൃശൂർ അതിരൂപതയുടെ
നിയുക്ത സഹായ മെത്രാൻ



## സി. റാണി മരിയ

നവംബർ 4 ന് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്

# ആദരാഞ്ജലികൾ



റവ. ഫാ. സക്കറിയാസ് തുടിയൻപ്ലാക്കൽ
ജനനം : 21.10.1934
പൗരോഹിത്യ സ്വീകരണം : 11.03.1960
മരണം : 27.09.2017

# ചെറുപുഷ്പ മിഷൻലീഗ്
# സപ്തതി മഹോത്സവ റാലി 2017

















# ജൂബിലി ആശംസകൾ




മോൺ. ജോർജ് കുരുക്കൂർ




ഫാ. ജോസഫ് കോയിയ്ക്കക്കുടി




ഫാ. കുര്യാക്കോസ് കച്ചിറമറ്റം




ഫാ. സ്റ്റാൻലി പുൽപ്രയിൽ




ഫാ. സോട്ടർ പെരിങ്ങാരപ്പിള്ളിൽ




ഫാ. ജോർജ് പാറങ്കിമാലിൽ



നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിലച്ചന്**

രൂപതാ കുടുംബത്തിന്റെ

*പ്രാർത്ഥനാശംസകൾ*



എ.കെ.സി.സി. ഉപശാഖ സംവിധാനം – സംസ്ഥാനതല ഉദ്ഘാടനം




ദേശസാത്കൃത ബാങ്കുകളുടെ പകൽക്കൊള്ള
അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ധനമന്ത്രിക്ക്
ഇൻഫാം ഇ–മെയിൽ സന്ദേശം അയയ്ക്കുന്നു.

ദൈവരാജ്യം



# ഉള്ളടക്കം


| | |
|---|---|
| 7 | ബൈബിൾ ഞായർ സർക്കുലർ |
| 13 | രൂപതക്കച്ചേരി |
| 16 | മൈനർ സെമിനാരി |
| 16 | വിജ്ഞാനഭവൻ |
| 23 | വിദ്യാഭ്യാസം |
| 24 | സോഷ്യൽ സർവീസ് |
| 26 | ചെറുപുഷ്പ മിഷൻലീഗ് |
| 30 | കെ.സി.എസ്.എൽ. |
| 33 | ഫാമിലി അപ്പോസ്തലേറ്റ് |
| 34 | മാതൃവേദി |
| 34 | ഡി.എഫ്.സി. |
| 35 | യുവദീപ്തി |
| 36 | ഡി.സി.എം.എസ്. |
| 36 | എ.കെ.സി.സി. |
| 38 | ഇൻഫാം |
| 39 | എമ്മാനുവൽ റിട്രീറ്റ് സെന്റർ |
| 40 | പ്രാർത്ഥനാഗ്രൂപ്പ് |
| 42 | അല്മായ ഫ്രാൻസിസ്കൻ സഭ |
| 42 | കേരള ലേബർ മൂവ്മെന്റ് |
| 43 | വാർത്തകളും വിശേഷങ്ങളും |
| 44 | നെസ്റ്റ് പ്രോഗ്രാം |
| 44 | തിരുനാൾ മംഗളങ്ങൾ |
| 44 | രൂപതാദ്ധ്യക്ഷന്റെ ഡയറി |
| 47 | **Bishop's Engagements** |
| 48 | നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം |
| 48 | നിര്യാതരായി |



*Patron*
Mar George Madathikandathil
Bishop of Kothamangalam

*Editor, Printer & Publisher*
Rev. Dr. George Thekkekara

വാല്യം 56
നവംബർ 2017
ലക്കം 11



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com




# ഓർമ്മിക്കാൻ

- **4** ദൈവദാസൻ പഞ്ഞിക്കാരൻ ചരമദിനം
- **9-12** Yes-Lord Retreat for Differently Abled
- **4** സി. റാണി മരിയ വാഴ്ത്തപ്പെട്ടവൾ
- **26** Say Exam
- **1-3** Pre-Marriage Course
- **DEC.1-25** വിവാഹ ആശീർവാദം മുടക്ക്
- **15-17** Pre-Marriage Course

# തിരുനാളുകൾ

- 1 All Saints Day
- 4 St. Charles Borromeo
- 5 St. Zacharias and St. Elizabeth
- 13 St. Stanislaus
- 22 St. Cecilia
- 26 Feast of Christ the King
- 30 St. Andrew, The Apostle

Ref: 3047/K-5/KCBC/OL/DS 19.10. 2017

# 2017 ഡിസംബർ 31 ബൈബിൾ ഞായർ

## കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കേരളകത്തോലിക്കാസഭ ദൈവവചനപാരായണത്തിനായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന മാസമാണ് ഡിസംബർ. മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവി ആചരിക്കുന്ന ഡിസംബർ മാസം വചന പാരായണമാസമായി ആചരിക്കുന്നത് തികച്ചും ഉചിതംതന്നെ. യേശുവിനെ നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കാൻ ആത്മീയമായി ഒരുങ്ങുന്നതിന് അതു സഹായിക്കുന്നു.

മനുഷ്യനോടു സംവദിക്കുന്ന ദൈവം പൂർണമായി സ്വയം വെളിപ്പെടുത്തുന്നതാണല്ലോ യേശുവിന്റെ മനുഷ്യാവതാരം (ഹെബ്രാ 1, 2). മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷകനായാണ് യേശു ജനിക്കുന്നത് (ലൂക്കാ 2,10-11). മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്തുന്ന അവിടന്ന് ഏവരെയും ഒരേയൊരു കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നു (യോഹ 17,20-23). നമ്മുടെയിടയിൽ കൂടാരമടിച്ച യേശുവാകുന്ന വചനം (യോഹ 1, 14) മനുഷ്യകുലത്തിന്റെ മുഴുവൻ ഐക്യത്തിനു നിദാനമാകുന്നതുപോലെതന്നെ, 'എഴുതപ്പെട്ട വചനവും' നമ്മെ നയിക്കുന്നത് സമഗ്രമായ ഐക്യത്തിലേക്കാണ്. വിവിധ വിഘടനവാദങ്ങൾ നമ്മുടെ സമൂഹത്തിൽ പെരുകുകയും മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പാരസ്പര്യങ്ങൾ താളംതെറ്റുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ 'ഐക്യത്തിലേക്കും സ്വാരസ്യത്തിലേക്കും (harmony) നയിക്കുന്ന ദൈവവചനം' നമുക്ക് വിചിന്തനവിഷയമാക്കാം.

**ദൈവവചനവും സൃഷ്ടിയിലെ സ്വാരസ്യവും**

ദൈവവചനമാണല്ലോ സൃഷ്ടിയുടെ നിദാനം. 'ഉണ്ടാകട്ടെ'യെന്ന് ദൈവം അരുൾചെയ്യുമ്പോൾ സർവസൃഷ്ടിജാലങ്ങളും മനുഷ്യനും ഉണ്മയിലേക്കു പ്രവേശിക്കുന്നത് ഉത്പത്തിഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ നാം വായിക്കുന്നുണ്ട് (ഉത്പ 1,3). ഓരോ സൃഷ്ടിയും കഴിയുമ്പോൾ 'നന്നായിരിക്കുന്നു' എന്നും സൃഷ്ടിയുടെയെല്ലാം അവസാനം 'വളരെ നന്നായിരിക്കുന്നു' (ഉത്പ 1,31) എന്നും ദൈവം പറയുന്നു. ദൈവത്തിന്റെ ഈ പ്രഖ്യാപനം, അവിടന്ന് രൂപംകൊടുത്ത പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന നന്മയുടെയും



പൂർണതയുടെയും സൂചനകൂടിയാണ്. ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ഐക്യവും പരസ്പരബന്ധവും തന്നെയാണല്ലോ ബൈബിളിന്റെ ആദ്യതാളുകളിലെ പ്രധാന പ്രമേയം.

ദൈവവുമായുള്ള സാമീപ്യമായിരുന്നു ഈ ഐക്യത്തിന്റെ കാതൽ. മനുഷ്യനുവേണ്ടി സൃഷ്ടിച്ച തോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം, ആദിയിലുണ്ടായിരുന്ന ഐക്യത്തിന്റെ നേർക്കാഴ്ചയാണ്. എന്നാൽ, മനുഷ്യൻ പാപംചെയ്ത് ഈ ദൈവസാന്നിധ്യത്തിൽനിന്ന് ഓടിയകന്ന്, മരങ്ങൾക്കിടയിലൊളിക്കുന്നത് ഉത്പത്തിഗ്രന്ഥകാരൻ വിവരിക്കുന്നു (ഉത്പ 3, 8). ഇവിടെ ദൈവ-മനുഷ്യബന്ധം മുറിയുക മാത്രമല്ല, പ്രപഞ്ചം മുഴുവനിലുമുള്ള പാരസ്പര്യം നഷ്ടപ്പെടുകയുമാണു ചെയ്യുന്നത്. ഈ താളം നഷ്ടപ്പെടുന്നതിന്റെ വിവരണമാണ് കായേന്റെ കഥ. 'സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ?' എന്ന കായേന്റെ ചോദ്യം സമൂഹത്തിലെ ബന്ധങ്ങൾ തകരുന്നതിന്റെ മുഴക്കംതന്നെയാണല്ലോ. 'മണ്ണു നിനക്ക് ഫലംതരുകയില്ല' (ഉത്പ 4,12) എന്നു കർത്താവ് കായേനോടു പറയുമ്പോൾ, 'എല്ലാം നന്നായിരിക്കുന്നു'വെന്ന് അവിടന്ന് ആദ്യം വിശേഷിപ്പിച്ച നല്ല നാളുകൾ അപ്രത്യക്ഷമായി എന്നു നാം വേദനയോടെ തിരിച്ചറിയുന്നു. ആദിമാതാപിതാക്കന്മാർ ദൈവവചനത്തിനു ചെവികൊടുക്കാതിരുന്നപ്പോൾ സൃഷ്ടിയിലുണ്ടായിരുന്ന സന്തോഷവും സമാധാനവും സന്തുലിതത്വവും അപ്രത്യക്ഷമാകുന്നു.

പക്ഷേ, തന്റെ വചനം തിരസ്കരിച്ച മനുഷ്യനെ ദൈവം കൈവെടിയുന്നില്ല. നഷ്ടപ്പെട്ട ബന്ധങ്ങളും ഐക്യവും വീണ്ടെടുക്കാനായി, അവിടന്ന് മനുഷ്യരോദനങ്ങളുടെ ഇടയിലേക്ക് രക്ഷയുടെ വചനങ്ങളുമായി കടന്നുവരുന്നു: "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു... രോദനം ഞാൻ കേട്ടു" (പുറ 3,7). "ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ ബഹുമാനാർഥം പൂജാമഹോത്സവം ആഘോഷിക്കാൻ ജനത്തെ വിട്ടയയ്ക്കാൻ" (പുറ 5,1) കർത്താവു പറഞ്ഞതനുസരിച്ച് മോശയും അഹറോനും ഫറവോയോട് ആവശ്യപ്പെടുമ്പോൾ, ദൈവ-മനുഷ്യബന്ധത്തിന്റെ വീണ്ടെടുപ്പിലേക്കും സന്തോഷത്തിന്റെ നാട്ടിലേക്കും ദൈവം തന്റെ ജനത്തെ ആനയിക്കുന്നുവെന്നു നാം മനസ്സിലാക്കുന്നു. ദൈവ-മനുഷ്യ-പ്രപഞ്ചബന്ധങ്ങളിലെ താളവും ഐക്യവും പുനഃസ്ഥാപിക്കാൻ ദൈവവചനം കടന്നുവരുന്നത് പഴയനിയമത്തിലുടനീളം നാം കാണുന്നുണ്ട്. തിന്മയുടെ പിടിയിലമർന്ന് വെറും അസ്ഥിക്കൂമ്പാരമായിത്തീർന്ന ഇസ്രായേൽജനത്തോട് "വരണ്ട അസ്ഥികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ... നിങ്ങൾ ജീവിക്കു"മെന്ന് (എസെ 37,4-5) എസെക്കിയേൽ പ്രവാചകൻ പറയുന്ന വാക്കുകൾ,

ഏതു ദയനീയാവസ്ഥയിലും ജീവനേകി, സമഗ്രമായ സൗഭാഗ്യം നല്കാൻ ദൈവവചനത്തിനു കഴിയുമെന്ന പ്രഖ്യാപനംതന്നെയാണ്.

**ദൈവവചനവും ഐക്യവും**

മാംസംധരിച്ച വചനമായ യേശുവിന്റെ വരവോടുകൂടെ മനുഷ്യനു നഷ്ടപ്പെട്ട 'പറുദീസ'യെക്കുറിച്ചുള്ള പ്രതീക്ഷകൾ വീണ്ടും കിളിർക്കുന്നു. 'ദൈവരാജ്യം സമാഗതമായി' (മർക്കോ 1,15) എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. ദൈവസാന്നിധ്യവും എല്ലാ നന്മകളും നിറഞ്ഞുനില്ക്കുകയും അവിടന്ന് വീണ്ടെടുക്കുകയും ചെയ്യുന്ന മനുഷ്യസമൂഹത്തിനു നല്കുന്ന പേരാണ് 'ദൈവരാജ്യം' എന്നു പറയാം.

യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തിനു പിന്നിലെ ശക്തിസ്രോതസ് അവിടത്തെ 'അബ്ബാ' അനുഭവമായിരുന്നു. 'വത്സലപിതാവ്' എന്നർഥമുള്ള 'അബ്ബാ' എന്ന പദത്തിലൂടെ ദൈവ-മനുഷ്യബന്ധത്തിന്റെ മൗലിക സ്വഭാവം യേശു വെളിപ്പെടുത്തി. എല്ലാ മനുഷ്യരും പിതാവായ ദൈവത്തിന്റെ മക്കളാണെന്ന ഈ കാഴ്ചപ്പാടുതന്നെയാണ് ക്രൈസ്തവ സാമൂഹിക ദർശനത്തിന്റെ അടിത്തറ. ദൈവരാജ്യമെന്ന കുടുംബത്തിലേക്ക് ഏവരെയും ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18-19). പരിത്യജിക്കപ്പെട്ടവർ ആരുമില്ലെന്നതാണ് യേശു പ്രഘോഷിച്ച ദൈവരാജ്യസദ്വാർത്തയുടെ സവിശേഷത.

യേശുവിന്റെ പ്രഘോഷണത്തിലെന്നപോലെ, പ്രവർത്തനങ്ങളുടെയും പ്രധാനലക്ഷ്യം ഓരോ വ്യക്തിയിലെയും സന്തുലിതാവസ്ഥ വീണ്ടെടുത്ത്, അവരെ കൂട്ടായ്മയിൽ ഒന്നിപ്പിക്കുകയായിരുന്നു. അവിടത്തെ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിക്കുന്ന രോഗശാന്തികളിൽ ഇത് ഏറെ പ്രകടമാണ്. സൗഖ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്കുപദങ്ങൾ 'രോഗങ്ങളിൽനിന്ന് വിമുക്തി നല്കുക' എന്നതിലുപരി 'പൂർണമാക്കുക', 'സന്തുലിതാവസ്ഥ വീണ്ടെടുക്കുക' എന്നാണ് അർഥമാക്കുന്നത്. യേശു നല്കുന്ന സമഗ്രമായ ഈ സൗഖ്യത്തിന് ഉത്തമോദാഹരണമാണ് ശവകുടീരങ്ങൾക്കിടയിൽ വസിച്ചിരുന്ന പിശാചുബാധിതനെ സുഖപ്പെടുത്തുന്ന സംഭവം (മർക്കോ 5,1-20). സൗഖ്യം നേടിയവൻ സമൂഹത്തിന്റെ കൂട്ടായ്മയിലേക്ക് സ്വീകരിക്കപ്പെടുന്നു എന്നു വ്യക്തമാക്കാനായി അവൻ വസ്ത്രംധരിച്ച് സുബോധത്തോടെയിരിക്കുന്നത് (5,15) സുവിശേഷകൻ ഇവിടെ വിവരിക്കുന്നു. ഇതേ പ്രമേയം കാനാൻകാരിയുടെ മകളെയും (മത്താ 15,21-29) ശതാധിപന്റെ ഭൃത്യനെയും (മത്താ 8,5-13) സുഖപ്പെടുത്തുന്നിടത്തും കാണാവുന്നതാണ്.



ദൈവവുമായി ഏവരെയും ഐക്യപ്പെടുത്തി, സ്നേഹത്തിൽ പരസ്പരം ഒരുമിപ്പിക്കുകയാണ് 'വചനം മാംസം ധരിച്ചതിന്റെ' ലക്ഷ്യം. സഹോദരർക്കു നല്കുന്ന പരിധികളില്ലാത്ത പരിഗണനയും സ്നേഹവും യേശുവിന്റെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ജീവനാഡിയായിരുന്നു (ലൂക്കാ 6,27-36; 10,25-37; യോഹ 13,34; 15,12; ഗലാ 5,14; യാക്കോ 2,8; 1 യോഹ 3,23). യേശു കൊണ്ടുവരുന്ന സമഗ്രക്ഷേമവും സുസ്ഥിതിയും കൂട്ടായ്മയുമാണ് യേശുവിന്റെ ജനനവേളയിൽ ദൈവദൂതർ ഉദ്ഘോഷിച്ച 'സമാധാനം' (ലൂക്കാ 2,14). കൂപ്പുകരങ്ങളോടെ നാമിന്നു പ്രാർഥിക്കുന്നതും ഈ സമാധാനത്തിനുവേണ്ടിയാണ്.

**വചനത്തിൽ ഒന്നിക്കുന്ന കേരളസഭ**

കേരളസഭ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ളതാണെങ്കിലും പരസ്പര സഹവർത്തിത്വത്തിലും കൂട്ടായ്മയിലും ആഗോളസഭയ്ക്കുതന്നെ മാതൃകയാണ്. കെ.സി.ബി.സി.യുടെ കീഴിലുള്ള ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള വചനപ്രേഷിതത്വത്തിൽ ഈ ഐക്യം ഏറെ പ്രകടമാണ്. ദൈവവചനംതന്നെയാണല്ലോ നമ്മെ ഒരുമിപ്പിക്കുന്ന പ്രധാനഘടകം.

കേരളസഭ കൂട്ടായ യത്നംവഴി ഇറക്കിയിട്ടുള്ള മലയാളം പി.ഒ.സി. ബൈബിൾ മൂന്നു സഭകളും തമ്മിലുള്ള സഹവർത്തിത്വത്തിന്റെയും ഐക്യത്തിന്റെയും ഒരു ഐക്കൺ തന്നെയായി മാറിക്കഴിഞ്ഞു. മൂന്നു സഭകളിലുമുള്ളവർ ചേർന്ന് ഇറക്കിയ പരിഭാഷ, മൂലഗ്രന്ഥങ്ങളെ ആധാരമാക്കി കൂടുതൽ പണ്ഡിതരുടെ സഹകരണത്തോടെ കഴിയുന്നത്ര വിശ്വസ്തതയോടെയും ആധികാരികതയോടെയും പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി അഹോരാത്രം, നിസ്വാർഥമായി അധ്വാനിക്കുന്ന ഏവരെയും നന്ദിയോടെ നമുക്കു സ്മരിക്കാം. പുതിയനിയമം വിശദീകരണക്കുറിപ്പുകളോടെ 'പഠനബൈബിളാ'യി പി.ഒ.സി.യിൽനിന്ന് പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഏവരും സ്വന്തമാക്കേണ്ടതാണ് ഈ പഠനബൈബിൾ.

കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെയും അഭിമാനാർഹമായ മറ്റൊരു സാക്ഷ്യമാണ് ആഗോളതലത്തിൽത്തന്നെ പ്രശംസ

പിടിച്ചുപറ്റിയ ലോഗോസ് ക്വിസ്. വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു എന്നതാണ് ഈ വചനോപാസനയുടെ പ്രത്യേകത. സെപ്റ്റംബർമാസം അവസാനം നടത്താറുള്ള ഇതിന്റെ ആദ്യ തലപരീക്ഷയിൽ കേരളത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വചനസ്നേഹികളാണ് പങ്കുചേരുന്നത്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ മത്സരം നടക്കുന്നു. വിദേശത്തുള്ള രൂപതകളും ഭിന്നശേഷിയുള്ളവരും ഇതിൽ പങ്കുചേരാൻ താത്പര്യം പ്രകടിപ്പിക്കുന്നത് ദൈവവ ചനത്തിന് എല്ലാ അതിരുകൾക്കുമപ്പുറമുള്ളവരെയും ഒന്നിപ്പിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യംതന്നെയാണ്.

വചനശുശ്രൂഷയിൽ സമൂഹത്തിലെ എല്ലാവരെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്നു എന്നതിന് ബധിര-മൂകർക്കായി തയ്യാറാക്കിയിരിക്കുന്ന സൈൻബൈബിൾ ബൈബിൾ കമ്മീഷന് അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാൻ കഴിയും. ഇതിന്റെ തുടർചലനങ്ങളെന്നപോലെ, കേരളസഭയിൽ ഭിന്നശേഷിയുള്ളവർക്കായുള്ള ശുശ്രൂഷ ശക്തിയാർജിക്കുന്നുവെന്നത് സന്തോഷജനകമാണ്. 2018-ലെ മെത്രാൻ സിനഡിൽ യുവജനങ്ങളുടെ വിശ്വാസജീവിതമാണല്ലോ പ്രധാന ചർച്ചാവിഷയം. ഹൈ-ടെക് യുഗത്തിൽ ജീവിക്കുന്ന യുവജനങ്ങളെ ദൈവവചനത്തിലേക്ക് ആകർഷിക്കാനുള്ള പുതിയ പദ്ധതികളും കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. ബൈബിൾ പ്രമേയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഹ്രസ്വചിത്ര മത്സരം ഇതിന് ഒരു ഉദാഹരണമാണ്. വിവിധ രൂപതകളിൽ ഇതിനു സമാനമായ പരിപാടികൾ ബൈബിൾ അപ്പോസ്തലേറ്റിന്റെ കീഴിൽ നടക്കുന്നുണ്ട് എന്നും ഇവിടെ സന്തോഷപൂർവം അനുസ്മരിക്കുന്നു.

വചനപാരായണമാസമായ ഡിസംബറിൽ ഈ വർഷം കേരളത്തിന്റെ തെക്കേയറ്റത്തുള്ള രൂപതയായ പാറശ്ശാല മുതൽ വിവിധയിടങ്ങളിൽ ബൈബിൾ കമ്മീഷന്റെയും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ അഖണ്ഡബൈബിൾപാരായണം സംഘടിപ്പിക്കുന്നുണ്ട്. വചനപാരായണമാസവുമായി ബന്ധപ്പെട്ട് രൂപതകളിൽ നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഇതു ലക്ഷ്യംവയ്ക്കുന്നത്. എല്ലാ ഇടവകകളിലും ഡിസംബർമാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യുമല്ലോ. അതുപോലെതന്നെ, എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കേണ്ടതാണ്. യേശുനാഥനെ അടുത്തറിയാനും അടുത്തറിയുന്നതുവഴി ആഴത്തിൽ സ്നേഹിക്കാനും സ്നേഹിക്കുന്ന നാഥനിൽ ഒന്നായിത്തീരാനും നമ്മെ പ്രചോദിപ്പിക്കുകയാണ് വചനപാരായണത്തിന്റെ പ്രധാന ലക്ഷ്യം.



കഴിഞ്ഞ ഏതാനും വർഷങ്ങളായി ബൈബിൾ പഠിക്കാൻ മുന്നോട്ടുവരുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നത് ഏറെ സന്തോഷജനകമാണ്. പല രൂപതകളും സ്തുത്യർഹമാംവിധം ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. എങ്കിലും, ബൈബിൾ പഠനത്തിന് വേദികളൊരുക്കാൻ ഇടവകകൾ ഇനിയും മുന്നോട്ടുവരേണ്ടതുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു ചേരാവുന്ന പാഠ്യപദ്ധതിയാണ് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. വചനം കൂടുതൽ അടുത്തറിയുന്നതുവഴി, മാംസംധരിച്ച വചനത്തെ കൂടുതൽ സ്നേഹിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ഡിസംബർ മാസം അവസാന ഞായർ ബൈബിൾ ഞായറായി ആചരിക്കണമെന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് ഈ വർഷം ഡിസംബർ 31-ാം തീയതി ബൈബിൾ ഞായറായി സഭ ആചരിക്കുകയാണ്. ബൈബിൾ ഞായറാഴ്ച നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബിൾപ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനത്തിൽ ആഴപ്പെട്ട് ഐക്യത്തിന്റെ കണ്ണികൾ സമൂഹത്തിൽ സുദൃഢമാക്കാൻ ആഹ്വാനംചെയ്തുകൊണ്ടും മനുഷ്യനായി അവതരിച്ച ദൈവമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ്പ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2017 നവംബർ 26-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

## C. *99/2107* Report of the Presbyteral council meeting held on Tuesday, Sept. 26,2017

An ordinary meeting of the Presbyteral Council was held on Tuesday 26th September 2017 at Bishop's House. H.E. Bishop Mar George Madathikandathil presided over the meeting. 30 members participated. The meeting started with a prayer by V. Rev. Fr.Paul Nedumpuram at 10 AM. V. Rev. Msgr. George Oliapuram welcomed the members. The report of the previous meeting was presented by the Secretary and it was passed. H.E.Mar George Madathikandathil thanked all for the co-operation in making Fatima Matha Statue Procession a remarkable event. After the introductory talk the topics of the agenda were discussed.

The First topic of the agenda was Eparchial Assembly - Evaluation and Follow up. One of the members put forward the issue of big and colourful notices produced by KCYM and CML respectively. Many others opined that such notices should be simple but attractive. Majority opted for medium range of brochures. Then for further evaluation of the Eparchial assembly a committee is formed with two representatives from Priests, Sisters and Laity headed by Msgr. George Oliapuram. Priest representatives are Fr.Paul Nedumpuram and Fr.Jose Chettoor VC. Then there was a brief introduction on the KCBC instructions on POCSO and JJ Act. Detailed class on the topic will be arranged later.

Another topic was the report of the sub-committee on Thirattu Fee fixation. The norm used for assessment was; average of the fee paid during the years from 2013 to 2016 or Fee paid during 2016-17, whichever is higher. Also an amount of seven rupees per head for all parishioners as total amount for different Diocesan collections are to be collected. Tentative fee fixed for all parishes also were read out. The council entrusted the sub-committee to modify the amounts fixed for certain parishes after due consultation. Fr.Procurator asked the consent of the members to fix a date for auditing for each parish. Next topic for discussion was on celebration of secular feasts like Onam in church premises. The members unanimously opined that it should be moderate and must not be scandalous. Regarding increasing salary demand in



Self-Financing institutions the council concluded that we have to pay just wages even if we have to increase fees or bills. Finally a few questions were raised regarding education institutions and new appointments. department and its few appointments. For better solution of the matter a Sub-committee comprising Frs. Stanislavos Kunnel, Kuriakose Kodakallil, Francis Alappattu, Mathew Konickal and Msgr. Cherian Kanjirakombil was appointed by the Bishop.

The meeting was concluded by 1.15 pm after a briefing and vote of thanks by Msgr. Cherian Kanjirakombil.

*Secretary*

## C. *100/2107* ജൂബിലി ആശംസകൾ

പൗരോഹിത്യശുശ്രൂഷയിൽ ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. മോൺ. ജോർജ്ജ് കുരുക്കൂർ അച്ചനും ബഹു. ജോസഫ് കോയിയ്ക്കക്കുടി അച്ചനും ബഹു. കുര്യാക്കോസ് കച്ചിറമറ്റം അച്ചനും രജതജൂബിലി ആഘോഷിക്കുന്ന ബഹു. സ്റ്റാൻലി പുൽപ്രയിൽ അച്ചനും ബഹു. സോട്ടർ പെരിങ്ങാരപ്പിള്ളിൽ അച്ചനും ബഹു. ജോർജ്ജ് പാറങ്കിമാലിൽ അച്ചനും രൂപതാ കുടുംബത്തിന്റെ പേരിൽ പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ഇവരുടെ വിലയേറിയ സേവനങ്ങൾക്ക് നന്ദി പറയുകയും ചെയ്യുന്നു. ഇവർക്ക് അനുമോദനങ്ങൾ നേരുന്നതിനായി നവംബർ 28-ാം തീയതി 10.00-ന് NESTT-ൽ ബഹു. അച്ചന്മാരെല്ലാവരും ഒരുമിച്ചുകൂടുന്നു. അന്നേദിവസം 10.00 മുതൽ 11.30 വരെ സ്റ്റഡിഫോറം നടത്തുന്നതായിരിക്കും. തുടർന്ന് 11.45-ന് ജൂബിലി ആശംസകൾ.

*Bishop*

## C. *101/2107* ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ 68-ാം ചരമവാർഷികവും ശ്രാദ്ധാചരണവും

ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് 2017 ഒക്ടോബർ 27 മുതൽ നവംബർ 3 വരെയുള്ള ദിവസങ്ങളിൽ തങ്കളം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് ദിവ്യബലിയും അനുസ്മരണാപ്രാർത്ഥനയും നടത്തുന്നതാണ്. ചരമവാർഷികദിനമായ നവംബർ 4-ാം തീയതി രാവിലെ 10.30-ന് ദിവ്യബലിയും മറ്റു തിരുക്കർമ്മങ്ങളും ശ്രാദ്ധഭക്ഷണവും ഉണ്ടായിരിക്കും.

ജീവിതം മുഴുവൻ ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിക്കുകയും, പാവപ്പെട്ടവർക്കും രോഗികൾക്കും അത്താണിയായി അനേകരെ

യേശുവിനായി നേടുകയും ചെയ്ത, ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ ഓർമ്മ ആചരിക്കുന്ന അവസരത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കു ചേരുവാനും ദൈവദാസന്റെ മാദ്ധ്യസ്ഥ്യം വഴി അനുഗ്രഹം പ്രാപിക്കുവാനും ഏവരേയും ക്ഷണിക്കുന്നു.

*Bishop*

### C. *102/2107* സി. റാണി മരിയ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്

ഭാരതസഭയുടെ ആദ്യ വനിതാരക്തസാക്ഷി സി. റാണി മരിയയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് 2017 നവംബർ 4-ന് തിരുസഭ ഉയർത്തുകയാണ്. നീതിക്കുവേണ്ടി പോരാടിയ ധീരരക്തസാക്ഷിക്ക് ജന്മം നൽകിയ മാതൃഇടവകയായ പുല്ലുവഴി സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് 2017 നവംബർ 19-ന് അത്യുന്നത കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലിയും പൊതുസമ്മേളനവും നടത്തുന്നു. പ്രസ്തുത തിരുകർമ്മത്തിൽ പങ്കെടുക്കുവാനും അനുഗ്രഹം പ്രാപിക്കാനും ഏവരെയും ആഹ്വാനം ചെയ്യുന്നു.

*Bishop*

### C. *103/2107* അജപാലന സന്ദർശനം

നവംബർ 5 -വണ്ടമറ്റം ഇടവക

### C. *104/2107* വിവാഹാഘോഷം മുടക്ക്

ഡിസംബർ 1-ാം തീയതി 25 നോമ്പ് ആരംഭിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്ക് ആയിരിക്കും.

*Bishop*

### *C. 105/2107* Monthly Recollection for Priests

Read in common Nos. 681-690 of the Catechism of the Catholic Church.

*Protosyncellus*

### *PC. 5/2017* Meeting of the Pastoral Council

An ordinary meeting of the Pastoral Council will be held on **Saturday, December 16, 2017 from 10.00 am to 4.00 pm** at the Bishop's House. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2017.

*Secretary*

### *Pr.C 5/2017* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on



**Tuesday, December 19, 2017 from 10.00 am to 1.00 pm** at the Bishop's House. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2017.

*Secretary*

## മൈനർ സെമിനാരി

### *MS. 33 /2017* മിഷൻ ഞായർ ദിനാചരണം

ആഗോള കത്തോലിക്കാസഭയുടെ മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മിഷൻ ഞായർ ദിനാചരണം സെമിനാരിയിലും സമുചിതമായി നടത്തി. മിഷൻ ഞായറിനോടനുബന്ധിച്ച് നടത്തിയ പരിപാടിയുടെ ഉദ്ഘാടനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

### *MS 34 /2017* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | John Tharian, Elenjickal | ₹ | 5000 |
| 2 | Lijo Thundathil, Kalayanthany | ₹ | 15000 |
| 3 | Biju Kureethadam, Malipara | ₹ | 3000 |
| 4 | Joseph Thomas Avirappattu, Velielchal | ₹ | 2000 |
| 5 | Anitha Baby Pallikunnel, Muthalakodam | ₹ | 10,000 |
| 6 | Fathima Matha Church, Mullaringadu | ₹ | 5250 |
| 7 | Thomas Kattackal,Nellimattam | ₹ | 50,000 |
| 8 | One Benefactor | ₹ | 30,000 |

*Rector*

## വിജ്ഞാനഭവൻ

### *V. 105/2017* സേ പരീക്ഷ

രജിസ്ട്രേഷൻ ആരംഭിക്കുന്നത് : നവംബർ 4 ശനി.
രജിസ്ട്രേഷൻ അവസാനിക്കുന്നത് : നവംബർ 18 ശനി.
സേ പരീക്ഷ : നവംബർ 26 ഞായർ. സമയം : 11.00 am-1.00 pm.
പരീക്ഷാ പേപ്പർ വിജ്ഞാനഭവനിൽ എത്തിക്കേണ്ട അവസാനതീയതി : ഡിസംബർ 9 ശനി.
റിസൾട്ട് : ഡിസംബർ 18 തിങ്കൾ.
ചോദ്യ പേപ്പർ നവംബർ 25 ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്.

### *V. 106/2017* ലോഗോസ് ക്വിസ് 2017 വിജയികൾ

ലോഗോസ് ക്വിസ് 2017-ൽ പങ്കെടുത്ത് രൂപതാ തലത്തിൽ വിജയം നേടിയവരെ പ്രത്യേകം അനുമോദിക്കുന്നു. ഓരോ വിഭാഗത്തിലും ആദ്യത്തെ

മൂന്നു സ്ഥാനങ്ങൾ ലഭിച്ചവർക്ക് **നവംബർ 12-ാം** തീയതി നടക്കുന്ന സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കും.

### GROUP A

| | | |
|---|---|---|
| 1 | അഷിത ബെന്നി കൊളവേലി | - നാകപ്പുഴ |
| 2 | റിയാന മേരി റോയി വാലുമ്മേൽ | - കുണിഞ്ഞി |
| 3 | മാത്യു വി. മനോജ് വടക്കേൽ | - കരിമണ്ണൂർ |
| 4 | സൈറ റോസ് ബേബി ഇടപ്പുളവൻ | - കുറുപ്പംപടി |
| 5 | അമൽ സിജു തെരുവയ്ക്കൽ | - കാരക്കുന്നം |
| | അഞ്ജലിൻ അനീഷ് പരന്തുംപ്ലാവിൽ | - പെരുമ്പല്ലൂർ |
| | എമിൻ ജോമി മാടപ്പിള്ളിക്കുന്നേൽ | - മൂവാറ്റുപുഴ |

### GROUP B

| | | |
|---|---|---|
| 1 | ജോവാന മേരി ജോർജ്ജ് തെക്കേക്കര | - വണ്ണപ്പുറം |
| 2 | ഡോൺ സാവിയോ ജോർജ്ജ് ഇടത്തല | - കുളപ്പുറം |
| 3 | ആൻ മേരി ഹാരോൾഡ് നെടുങ്കല്ലേൽ | - കടവൂർ |
| 4 | ജോസ്നാ ജോസ് നെടുംതൊട്ടിയിൽ | - കോലടി |
| 5 | ജൂഡിറ്റ് ജോമോൻ അറയ്ക്കൽ | - തഴുവംകുന്ന് |
| | മെറിൻ ജെയിംസ് പുതിയകുന്നത്ത് | - കോലടി |
| | ഐറിൻ മേരി രഞ്ജു പറമ്പൻ | - മൂവാറ്റുപുഴ |
| | ജോയൽ ജോൺസൺ പട്ടരുമഠം | - ചാലാശ്ശേരി |

### GROUP C

| | | |
|---|---|---|
| 1 | സി. സോഫിയ മാത്യു എഫ്.സി.സി. | - മേക്കടമ്പ് |
| 2 | സി. ജിസ്ന തെരേസ് എഫ്.സി.സി. | - മൂവാറ്റുപുഴ |
| 3 | അനിറ്റ് ജോജി വെങ്ങപറമ്പിൽ | - കുണിഞ്ഞി |
| 4 | ബ്ര. ജെറിൻ ടോം സി.എം.ഐ | - നേര്യമംഗലം |
| 5 | ഡിന്റോ ബേബി കാവാട്ട് | - കോലടി |
| | അന്ന റോണ സന്തോഷ് വട്ടക്കാട്ട് | - കുണിഞ്ഞി |
| | ആനി അഹല്യ ഡാൽബി SABS | - കത്തീഡ്രൽ |

### GROUP D

| | | |
|---|---|---|
| 1 | റോസ് മേരി ജിജി പഴയംകോട്ടിൽ | - കുണിഞ്ഞി |
| 2 | സി. റ്റെസ്മി എസ്.എച്ച് | - തൊടുപുഴ |
| 3 | സി. ഡെൽന MSJ | - കത്തീഡ്രൽ |
| 4 | സ്വപ്നാമോൾ തെക്കേവീട്ടിൽ | - ഞാറക്കാട് |
| 5 | സി. ജൂലി ജോർജ്ജ് സി. എം.സി. | - കത്തീഡ്രൽ |
| | മെറീന ജോസ് മേക്കുന്നേൽ | - പാറപ്പുഴ |
| | സിനി ആന്റണി നെടുംകല്ലേൽ | - നാകപ്പുഴ |

### GROUP E

| | | |
|---|---|---|
| 1 | സി. മേഴ്സി കുഴികണ്ണിയിൽ SABS | - മാറിക |
| 2 | ഉഷ ജോസ് പറമ്പൻ | - മൂവാറ്റുപുഴ |
| 3 | ചിന്നമ്മ ജോർജ്ജ് കവുങ്ങുംകാട്ടിൽ | - കുണിഞ്ഞി |
| 4 | റോസമ്മ പോൾ താഴത്തേടത്ത് | - കലയന്താനി |
| 5 | സി. സോഫിയ നമ്പേലിൽ SABS | - പന്നിമറ്റം |
| | എൽസി പൈലി കടുവുങ്കൽ | - തൊടുപുഴ ഈസ്റ്റ് |
| | റോസമ്മ ജോർജ്ജ് തയ്യിൽ | - കല്ലാനിയ്ക്കൽ |
| | ചിന്നമ്മ തോമസ് വട്ടക്കുഴിയിൽ | - തഴുവംകുന്ന് |



### GROUP F

| | | |
|---|---|---|
| 1 | ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ | - പന്നിമറ്റം |
| 2 | ദേവസി വർക്കി വെളിയത്ത് | - നെല്ലിമറ്റം |
| 3 | സി. അലക്സിസ് FCC | - മൂവാറ്റുപുഴ |
| 4 | സി. മെർലിൻ പെരുമ്പനാനി FCC | - മൂവാറ്റുപുഴ ഈസ്റ്റ് |
| 5 | സി. ആനി മരിയ SH | - മുതലക്കോടം |
| | സി. അത്തനാസിയ CMC | - കത്തീഡ്രൽ |
| | സി. ആൻസി മനയ്ക്കത്ത് SH | - മുതലക്കോടം |

**ലോഗോസ് ക്വിസിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക**

1 സെന്റ് ജോർജസ് കത്തീഡ്രൽ, കോതമംഗലം
2 ഹോളി മാഗി ഫൊറോന ചർച്ച്, മൂവാറ്റുപുഴ
3 സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം

**അംഗസംഖ്യയുടെ അനുപാതത്തിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക**

1 സെന്റ് ജോസഫ് ചർച്ച്, നെല്ലിക്കുഴി
2 വിജ്ഞാനമാതാ ചർച്ച്, തൊടുപുഴ ഈസ്റ്റ്
3 സെന്റ് മേരീസ് ചർച്ച്, മുട്ടത്തുപാറ

**ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച കോൺഗ്രിഗേഷൻ - FCC**

**ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിശ്വാസപരിശീലകർ**

1 സി. സോഫിയ മാത്യു FCC മേക്കടമ്പ് (C ഗ്രൂപ്പ്)
2 സി. ജൂലി ജോർജ്ജ് CMC, കത്തീഡ്രൽ (D ഗ്രൂപ്പ്)
3 ചിന്നമ്മ ജോർജ്ജ് കവുങ്ങുംകാട്ടിൽ, കുണിഞ്ഞി (E ഗ്രൂപ്പ്)
4 സി. മെർലി പെരുമ്പനാനി FCC, മൂവാറ്റുപുഴ ഈസ്റ്റ് (F ഗ്രൂപ്പ്)

**ലോഗോസ് ഫാമിലി**

1 ജിജി പീറ്റർ പഴയംകോട്ടിൽ, കുണിഞ്ഞി
2 റോസ്മേരി ജിജി പഴയംകോട്ടിൽ, കുണിഞ്ഞി
3 പ്രെയ്സി മോൾ ജിജി പഴയംകോട്ടിൽ, കുണിഞ്ഞി

### *V. 107/2017* ടീച്ചേഴ്സ് സെമിനാർ

ഈ വർഷത്തെ ടീച്ചേഴ്സ് സെമിനാർ ഫൊറോനാ തലത്തിൽ ഡിസംബർ, ജനുവരി മാസങ്ങളിലാണ് നടക്കുന്നത്. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് സെമിനാറിന്റെ സമയം. എല്ലാ അദ്ധ്യാപകരെയും ഈ സെമിനാറിലേക്ക് പറഞ്ഞുവിടുമല്ലോ. അന്നേദിവസം കുട്ടികൾക്കായി

ഇടവകകളിൽ സെമിനാർ നടത്തുന്നത് ഉചിതമായിരിക്കും. രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതാണ്. വരുന്നവരുടെ എണ്ണം 10 ദിവസം മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഡിസംബർ 3 – മൂവാറ്റുപുഴ, തൊടുപുഴ, മൈലക്കൊമ്പ്
സ്ഥലം → **നെസ്റ്റ് മൂവാറ്റുപുഴ**
ഡിസംബർ 10 – കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ
സ്ഥലം → **കത്തീഡ്രൽ, കോതമംഗലം**
ജനുവരി 7 – കരിമണ്ണൂർ, വാഴക്കുളം, മാറിക
സ്ഥലം → **നെസ്റ്റ് മൂവാറ്റുപുഴ**
ജനുവരി 14 – ആരക്കുഴ, മുതലക്കോടം, കാളിയാർ
സ്ഥലം → **നെസ്റ്റ് മൂവാറ്റുപുഴ**

*V. 108/2017* **വിശ്വാസപരിശീലന യൂണിറ്റ് വിലയിരുത്തൽ**

2017–2018 വർഷത്തിലെ സൺഡേ സ്കൂൾ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി ഈ വർഷം നിശ്ചയിച്ചിരിക്കുന്നത് **നവംബർ 19, 26 തീയതികളാണ്.** അതാതു ഫൊറോനകളിലെ സൺഡേ സ്കൂളുകളിൽ നിന്നും കഴിഞ്ഞ വർഷത്തേതുപോലെ, ലിസ്റ്റനുസരിച്ച് അദ്ധ്യാപകർ സൺഡേ സ്കൂളുകൾ സന്ദർശിക്കേണ്ടതാണ്.

**NB ബഹു. വികാരിയച്ചന്മാർക്ക് എഴുത്ത് അയയ്ക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ കിട്ടാതിരുന്നാൽ ഇതൊരറിയിപ്പായി കണക്കാക്കുകയും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരെ അറിയിക്കുകയും ചെയ്യുമല്ലോ.**

**സൺഡേ സ്കൂൾ സന്ദർശന നിർദ്ദേശങ്ങൾ:**

1 സൺഡേ സ്കൂൾ അദ്ധ്യാപകരാണ് ഇടവകകളിൽ പരസ്പരം സന്ദർശനം നടത്തുന്നത്.
2 സന്ദർശന സമയത്ത് HM/ Staff Secretary നിർബന്ധമായും സൺഡേ സ്കൂളിൽ ഉണ്ടായിരിക്കേണ്ടതാണ്.
3 സൺഡേ സ്കൂൾ വിസിറ്റ്, സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും താരതമ്യം ചെയ്യാനും നമ്മുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുമുള്ള ഒരവസരമായി പ്രയോജനപ്പെടുത്തേണ്ടതാണ്.
4 സൺഡേ സ്കൂളുകളിൽ ചെല്ലുമ്പോൾ, ആദ്യമേതന്നെ വികാരിയച്ചനെ കണ്ട് പരിചയപ്പെടേണ്ടതാണ്. വികാരിയച്ചന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.
5 നിങ്ങൾ പോകുന്ന സൺഡേ സ്കൂളിൽ അദ്ധ്യാപകർക്കോ കുട്ടികൾക്കോ നിർദ്ദേശങ്ങളോ തിരുത്തലുകളോ നല്കരുത്.



6 നിങ്ങൾ പോകുന്ന ഇടവകയിലെ വികാരിയച്ചനെ വിളിച്ച് വി. കുർബാനയുടെ സമയം ചോദിച്ച് മനസ്സിലാക്കിയിരിക്കണം. വി. കുർബാനയ്ക്ക് ഒരു മണിക്കൂർ മുമ്പ് പള്ളിയിൽ എത്താൻ ശ്രമിക്കണം.
7 രണ്ട് അദ്ധ്യാപകരാണ് വിസിറ്റിന് പോകേണ്ടത്. (HM/ Staff Secretary എന്നിവരിൽ ഒരാൾ കൂടെയുണ്ടെങ്കിൽ നല്ലതാണ്.)
8 രണ്ട് അദ്ധ്യാപകരുടെ ഭക്ഷണം എല്ലാ ഇടവകയിലും ക്രമീകരിക്കുകയാണെങ്കിൽ നല്ലതാണ്.
9 മതബോധനകേന്ദ്രത്തിൽ നിന്നും തന്നിരിക്കുന്ന ഫയലിൽ വിസിറ്റിനുള്ള ഫോം ഉണ്ട്. വിസിറ്റിന് പോകുമ്പോൾ അതു കൊണ്ടുപോകേണ്ടതാണ്.
10 സൺഡേ സ്കൂൾ വിസിറ്റിനു പോകുന്നവർ നിർദ്ദിഷ്ട ഫോം കൃത്യമായി പൂരിപ്പിച്ച് (ഇടവക, ഏതു വിഭാഗം, ഓരോന്നിനും നൽകുന്ന മാർക്ക്, ആനിമേറ്ററുടെ പേര്, ഒപ്പ്, തീയതി) 5 ദിവസത്തിനുള്ളിൽ വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.
11 പരസ്പരമുള്ള സന്ദർശനത്തിന് ആരും മുടക്കം വരുത്താതിരിക്കാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും കാരണവശാൽ പോകുവാൻ അസൗകര്യമുണ്ടായാൽ എത്രയും വേഗം വിജ്ഞാനഭവൻ ഓഫീസിലും പോകുന്ന ഇടവകയിലും അറിയിക്കണം.
12 വിസിറ്റിന് പോകുന്ന അദ്ധ്യാപകർ, ഇടവകകളിൽ വികാരിയച്ചന്മാർ ചെയ്യുന്ന അജപാലന-കൗദാശിക ശുശ്രൂഷകളെക്കുറിച്ചുള്ള വിമർശനങ്ങളോ വിലയിരുത്തലുകളോ ഒരു കാരണവശാലും നടത്തരുത്.

**(ആദ്യം കൊടുത്തിരിക്കുന്ന പള്ളിയിലേയ്ക്ക് രണ്ടാമത് കൊടുത്തിരിക്കുന്ന പള്ളിയിൽ നിന്നാണ് അദ്ധ്യാപകർ പോകേണ്ടത്.)**

**Kothamangalam, Oonnukal**

**19-11-2017**

| | |
|---|---|
| Cathedral | ← Oonnukal |
| Inchoor | ← Ramalloor |
| Keerampara | ← Neendapara |
| Kottappady | ← Pareekanni |
| Kozhippilly | ← Neriamangalam |
| Kuruppampady | ← Puliyanpara |
| Kuthumkal | ← Perumannoor |
| Kuttampuzha | ← Thrikkariyoor |
| Malippara | ← Ambikapuram |
| Malayinkeezhu | ← Nazrathuvally |
| Mathirappilly | ← Urulanthanni |
| Muttathupara | ← Pooyamkutty |
| Nadukani | ← Vadattupara |
| Nedungapra | ← Velielchal |
| Nellikuzhi | ← Inchathotty |
| Nellimattam | ← Mamalakandam |
| Njayappilly | ← Vettampara |

**26-11-2017**

| | |
|---|---|
| Pooyamkutty | ← Inchoor |
| Ramalloor | ← Njayappilly |
| Thrikkariyoor | ← Nadukani |
| Urulanthanny | ← Keerampara |
| Vadattupara | ← Kuttampuzha |
| Velielchal | ← Cathedral |
| Vettampara | ← Nedungapra |
| Ambikapuram | ← Nellikuzhy |
| Inchathotty | ← Malayinkeezhu |
| Mamalakandam | ← Nellimattam |
| Neendapara | ← Pazhampillichal |

Neriamangalam ← Malipara
Oonnukal ← Kottapady
Pareekanni ← Kurupampady
Nazrathuvally ← Kozhippilli
Pazhampillichal ← Muttathupara
Perumannoor ← Mathirappilly
Puliyanpara ← Kuthunkal

**Kaliyar, Paingottoor**

**19-11-2017**

Kaliyar ← Mullaringad
Koduvely ← Paingottoor
Mundanmudy ← Kadavoor
Njarakad ← Kulappuram
Thennathoor ← Pothanikkad
Thommankuth ← Punnamattam
Vannapuram ← Rajagiri

**26-11-2017**

Kadavoor ← Njarakad
Kulappuram ← Koduvelly
Mullaringad ← Thommankuth

Paingottoor ← Mundanmudy
Pothanikad ← Kaliyar
Punnamattam ← Thennathoor
Rajagiri ← Vannapuram

**Thodupuzha, Mailacombu, Marika**

**19-11-2017**

Alakode ← Nakapuzha
Anchiri ← Marika
Chittoor ← Kolady
Kalayanthani ← Nediasala
Kallanickal ←Mailacombu
Methotty ← Kuninji
Nediakadu ← Purapuzha
Pannimattam ← Kuninji
Ponnamthanam ← Perumbillichira
Thalayanadu ← Thazhuvamkunnu
Thodupuzha ← Kaloor
Thodupuzha East ← Vettimattom
Thoipra ← Purapuzha

**26-11-2017**

Vettimattam ← Anchiri
Ezhalloor ← Thalayanadu
Kaloor ← Kallanickal
Mailacombu ← Nediakad
Nakapuzha ← Alacode
Perumballichira ← Kalayanthany
Thazhuvamkunnu ← Pannimattam
Kolady ← Thodupuzha East
Kuninji ← Ponnathanam
Marika ← Eazhalloor
Nediasala ← Chittoor
Purappuzha ← Thodupuzha

**Muthalakodam, Karimannoor**

**19-11-2017**

Chalassery ← Neyyassery
Kodikulam ← Karimannoor
Muthalakodam ← Pallickamury
Parapuzha ← Udumbannoor
Vandamattam ← Mulapuram
Vazhakala ← Peringassery
Cheenikuzhi ← Thattakuzha
Cheppukulam ← Malayinchi
Chilavu ← Uppukunnu

**26-11-2017**

Malayinchi ← Chalassery
Mulappuram ← Muthalakodam
Karimannoor ← Cheenikuzhi
Neyyassery ← Parapuzha
Pallickamury ← Kodikulam
Peringassery ← Cheppukulam
Thattakuzha ← Vazhakala
Uppukunnu ← Vandamattam
Udumbannoor ← Chilavu

**Vazhukulam, Muvattupuzha, Arakuzha**

**20-11-2016**

Anicadu ← Vadakode
Karakunnam ← Ayavana
Marady East ← Kadalikad
Mekkadambu ← Bethlehem



Mudavoor ← Kavakad
Muvattupuzha ← Kalloorkad
Muvattupuzha East ← Perumballoor
Randar ← Thottakara
Vazhapilly East ← Vazhakulam
Arakuzha ← Enanalloor
Arikuzha ← Peringuzha
Meenkunnam ← Nadukara

**26-11-2017**

Peringuzha ← Anicadu
Perumballoor ← Karakunnam

Thottakara ← Muvattupuzha East
Ayavana ← Muvattupuzha
Bethlehem ← Marady East
Enanalloor ← Mekkadambu
Kadalikad ← Randar
Kalloorkad ← Arakuzha
Kavakad ← Arikuzha
Nadukkara ← Mudavoor
Vadakode ← Vazhappilly East
Vazhakulam ← Meenkunnam

## *V. 109/2017* SMC അവാർഡ് 2017–18 റീജണൽ തിരഞ്ഞെടുപ്പ്

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII–ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. രൂപതാതല സെമിനാർ 2017 നവംബർ 11–ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ Nirmala Public School–ൽ വച്ച് നടക്കുന്നതാണ്. സമയം 9.30 am മുതൽ 4.30 pm വരെ. കുട്ടികൾ ഉച്ചഭക്ഷണം കരുതേണ്ടതാണ്.

## *V. 110/2017* വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം

**രൂപതാതലം : 2017 ഡിസംബർ 9 ശനി**
**സമയം : 10.30 a.m. - 12.00 noon.**
**സ്ഥലം : വിജ്ഞാനഭവൻ കേന്ദ്രം**

## *V. 111/2017* ഏറ്റവും മികച്ച സൺഡേസ്കൂൾ ഡയറികൾ

**GROUP A**

I സെന്റ് ജോർജ്ജ് കത്തീഡ്രൽ സൺഡേ സ്കൂൾ, കോതമംഗലം
II സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, തൊടുപുഴ
III സെന്റ് ജോർജ് സൺഡേ സ്കൂൾ, മുതലക്കോടം

**GROUP B**

I സേക്രട്ട് ഹേർട്ട് സൺഡേ സ്കൂൾ, ആയവന
II സെന്റ് റീത്താസ് സൺഡേ സ്കൂൾ, കാളിയാർ
III സെന്റ് പീറ്റർ & പോൾസ് സൺഡേ സ്കൂൾ, കുറുപ്പംപടി

**GROUP C**

I സെന്റ് മേരീസ് സൺഡേ സ്കൂൾ, മാലിപ്പാറ

II സെന്റ് മേരീസ് സൺഡേ സ്കൂൾ, കാരക്കുന്നം
III വിജ്ഞാനമാതാ സൺഡേ സ്കൂൾ, തൊടുപുഴ ഈസ്റ്റ്

**GROUP E**

I സെന്റ് മേരീസ് സൺഡേ സ്കൂൾ, മുട്ടത്തുപാറ
II സെന്റ് സെബസ്റ്റ്യൻസ് സൺഡേ സ്കൂൾ, മാതിരിപ്പിള്ളി
III സെന്റ് മേരീസ് സൺഡേ സ്കൂൾ, നീണ്ടപാറ

### *V. 112/2017* Short Film Competition

Short Film മത്സരത്തിന്റെ DVD നൽകാനുള്ള അവസാന തീയതി ഡിസംബർ 30 ആണെന്ന് ഓർമ്മിക്കുമല്ലോ.

### *V.113/2017* നന്ദി

ഒക്ടോബർ 22-ാം തീയതി ഞായറാഴ്ച നെസ്റ്റിൽ വച്ച് നടന്ന പി. റ്റി.എ. സെമിനാറിന് വന്നവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി അറിയിക്കുന്നു.

### *V.114/2017* കൃതജ്ഞത, സ്വാഗതം

കഴിഞ്ഞ ആറുമാസം വിജ്ഞാനഭവൻ ഓഫീസിൽ റീജൻസി ചെയ്ത ബ്ര. ഡെൽബിൻ കുരീക്കാട്ടിൽ വിശ്വാസ പരിശീലനരംഗത്ത് ചെയ്ത സേവനങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ ഓഫീസിൽ പുതിയതായി റീജൻസിക്ക് എത്തിയിരിക്കുന്ന ബ്ര. കുര്യാക്കോസ് മഞ്ഞക്കടമ്പലിന് ഊഷ്മളമായ സ്വാഗതം.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി

### *Edn. 40 /2017* Catechism/ Moral Science വാർഷിക പരീക്ഷ

Catechism/ Moral Science വാർഷിക പരീക്ഷ ഡിസംബർ മാസത്തിലായിരിക്കും നടത്തപ്പെടുക. വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

Catechism/ Moral Science Competitive Examination 2017-18

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള Catechism/ Moral Science രൂപതാതല മത്സരപരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. ഓരോ വിഷയത്തിനും ഏറ്റവും കൂടുതൽ മാർക്കു നേടിയ മൂന്നു കുട്ടികളെ മത്സരപരീക്ഷയിൽ പങ്കെടുപ്പിക്കാം. (70 ശതമാനത്തിൽ താഴെ മാർക്കു നേടിയ കുട്ടികളെ പരിഗണിക്കരുത്.) പരീക്ഷയുടെ കാര്യം രക്ഷാകർത്താക്കളെ അറിയിക്കുകയും വേണം. കൂടുതൽ വിവരങ്ങൾ ഡിസംബർ മാസത്തെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.



### *Edn. 41 /2017* കായിക-കലാ ശാസ്ത്രമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കണം

ഒക്ടോബർ, നവംബർ മാസങ്ങളിലായി നടത്തപ്പെടുന്ന സബ്ജില്ല, റവന്യൂജില്ല, സംസ്ഥാന തല മേളകളിൽ കഴിയുന്നത്ര കുട്ടികളെ പങ്കെടുപ്പിക്കണം. കുട്ടികൾക്ക് ചിട്ടയായ പരിശീലനം നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ട അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. മത്സരഫലങ്ങൾ ഈ ഓഫീസിലേയ്ക്ക് അയയ്ക്കുകയും വേണം.

### *Edn. 42 /2017* അപേക്ഷകൾ ക്ഷണിക്കുന്നു

നമ്മുടെ രൂപതയുടെ കീഴിലുള്ള തൊടുപുഴ ന്യൂമാൻ, മൂവാറ്റുപുഴ നിർമല എന്നീ കോളേജുകളിലെ അദ്ധ്യാപക തസ്തികയിലേക്ക് English, Physics, Chemistry, Zoology എന്നീ വിഷയങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ ഫാറം കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നവംബർ 10-ാം തീയതിക്കകം അപേക്ഷകൾ ലഭിച്ചിരിക്കണം.

### *Edn. 43 /2017* അഭിനന്ദനങ്ങൾ

ഈ വർഷത്തെ സംസ്ഥാന അദ്ധ്യാപക അവാർഡു നേടിയ കരിമണ്ണൂർ St. Joseph HSS ഹെഡ് മാസ്റ്റർ ശ്രീ. ജോയിക്കുട്ടി ജോസഫ്, പെരുമ്പിള്ളിച്ചിറ SJUPS ഹെഡ്മാസ്റ്റർ ശ്രീ. ആന്റണി കെ.ജി. എന്നിവർക്കും സംസ്ഥാന Scout Masters അവാർഡിനർഹരായ നാകപ്പുഴ സെന്റ് മേരീസ് എച്ച്.എസ്. ഹെഡ്മാസ്റ്റർ ശ്രീ. ടോമി ജോസഫ്, വഴിത്തല SSHSS അദ്ധ്യാപകൻ ശ്രീ. കുര്യൻ എ.സി. എന്നിവർക്കും കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*Secretary*

## സോഷ്യൽ സർവീസ്

### *SS. 21 /2017* ആശാകിരണം ധനസഹായം വിതരണം ചെയ്തത്

ആശാകിരണം കാൻസർ സുരക്ഷാപദ്ധതി വഴി 2017 സെപ്തംബർ മാസം 48 പേർക്കായി 2,01,500 രൂപ ചികിത്സാ സഹായമായി നല്കുവാൻ സാധിച്ചു.

### *SS. 22 /2017* **ക്രെഡിറ്റ് യൂണിയൻ ബാങ്കിംഗ്**

ബാങ്കിൽ അക്കൗണ്ട് ഉള്ള ക്രെഡിറ്റ് യൂണിയനുകൾ ബന്ധപ്പെട്ട ബാങ്കിൽ അന്വേഷിച്ച് അക്കൗണ്ടിൽ ആവശ്യമുള്ള മിനിമം ബാലൻസ് നിലനിർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. Maintenance of minimum balance നിയമപ്രകാരം മിനിമം ബാലൻസ് ഇല്ലാത്ത അക്കൗണ്ടുകളിൽ നിന്നും നിശ്ചിത തുക ഓരോ മാസവും ബാങ്കുകൾ കട്ട് ചെയ്യുന്നതാണ്. ആയതിനാൽ ക്രെഡിറ്റ് യൂണിയനുകളും സ്വയം സഹായസംഘങ്ങളും ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

### *SS. 23 /2017* **ആശാകിരണം കോയിൻ ബോക്സ്**

ആശാകിരണം കാൻസർ സുരക്ഷാപദ്ധതിക്കായി ഭവനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കോയിൻ ബോക്സുകളിൽ നിന്നുമുള്ള സംഭാവനകൾ നവംബർ-ഡിസംബർ മാസങ്ങളിൽ ശേഖരിക്കേണ്ടതാണ്. കളക്ഷൻ എടുക്കുന്നതിനുള്ള രസീതും ടിന്നിൽ ഒട്ടിക്കാനുള്ള സ്റ്റിക്കറും വിശദാംശങ്ങളും ഇടവകകളിൽ എത്തിക്കുന്നതാണ്. കളക്ഷൻ എടുക്കുന്ന ഇടവകകൾ അവ കെ.എസ്.എസ്. എസ്-ൽ ഏല്പിക്കുകയോ, വന്ന് കളക്ട് ചെയ്യാൻ കെ. എസ്.എസ്.എസ്.-ൽ അറിയിക്കുകയോ ചെയ്യേണ്ടതാണ്. കഴിഞ്ഞ വർഷം ലഭിച്ച സംഭാവനയുടെ വിവരങ്ങൾ അടുത്ത ദൈവരാജ്യത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

### *SS. 24 /2017* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

ക്രെഡിറ്റ് യൂണിയന്റെ 2017-ലെ ഓഡിറ്റിംഗ് നവംബർ - ഡിസംബർ മാസങ്ങളിലായി നടത്തേണ്ടതാണ്. ഓഡിറ്റിംഗിനാവശ്യമായ ഫോമുകൾ ക്രെഡിറ്റ് യൂണിയനിലേക്ക് അയയ്ക്കുന്നതാണ്.

### *SS. 25 /2017* **ജീവ നോട്ട് ബുക്ക്**

കെ.എസ്.എസ്.എസ്.-ന്റെ നേതൃത്വത്തിൽ നേര്യമംഗലത്ത് പ്രവർത്തിക്കുന്ന ജീവ നോട്ട് ബുക്ക് ബൈന്റിംഗ് യൂണിറ്റിൽ നിന്നും ഗുണമേന്മയുള്ള എല്ലാത്തരം നോട്ട് ബുക്കുകളും മാർക്കറ്റ് വിലയിലും കുറഞ്ഞവിലയ്ക്ക് ലഭ്യമാണ്. കൂടുതൽ ഓർഡർ ഉണ്ടെങ്കിൽ സ്കൂളുകളിൽ എത്തിച്ചു നൽകുന്നതാണ്. സ്കൂൾ അധികൃതരും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും ഈ അവസരം പ്രയോജനപ്പെടുത്തുവാൻ താല്പര്യപ്പെടുന്നു.

*Director*



# ചെറുപുഷ്പ മിഷൻലീഗ്

### *CML 57 /2017* **മിഷൻ സപ്തതി മഹോത്സവ റാലി**

ചെറുപുഷ്പമിഷൻ ലീഗ് സപ്തതി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ മിഷൻ സപ്തതി മഹോത്സവ റാലി വളരെ ആഘോഷമായി അവസാനിച്ചു. ഏകദേശം 15,000 മിഷനറിമാർ റാലിയിൽ പങ്കെടുത്തു. റാലി വളരെ മനോഹരമാക്കുവാൻ സഹകരിച്ച മേഖല, ശാഖാ ഡയറക്ടർ അച്ചന്മാർക്കും, ആനിമേറ്റേഴ്സിനും, ഭാരവാഹികൾക്കും ഒരുപാട് നന്ദി.

**സമ്മാനത്തിന് അർഹരായവർ :-**

**ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച മേഖലകൾ**

I - തൊടുപുഴ മേഖല
II - മുതലക്കോടം മേഖല
III - വാഴക്കുളം മേഖല

**മികച്ച റാലി**

I - തൊടുപുഴ
II - രണ്ടാർ
III - ചാലാശ്ശേരി

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ**

പന്നിമറ്റം, കാളിയാർ, മാറാടി, വാഴക്കുളം, മുതലക്കോടം

### *CML 58 /2017* **രൂപതാ കലോത്സവം**

രൂപതാ കലോത്സവം ഒക്ടോബർ 2-ാം തീയതി മൂവാറ്റുപുഴ നിർമ്മല ഹൈസ്കൂളിൽ വച്ച് നടത്തി. കലാമത്സരങ്ങൾ ഭംഗിയായി നടത്തുവാൻ സഹകരിച്ച മേഖല-ശാഖ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**മത്സരവിജയികൾ**

ഒന്നാം സ്ഥാനം - മുതലക്കോടം മേഖല
രണ്ടാം സ്ഥാനം - വാഴക്കുളം മേഖല
മൂന്നാം സ്ഥാനം - മൂവാറ്റുപുഴ മേഖല

## Mission Quiz

Junior Boys

1st -Liricsson P Rajesh Pittappillil, Nedungapara, Kothamangalam (A Grade)
2nd -Savio Moncy Palaparambil, Pallickamury, Karimanoor (A Grade)
3rd -John Paul Nirapathu, Kadalikad, Vazhakulam (A Grade)

Junior girls

1st -Joshmy Joby Puthiyedathu, Paingottoor, Kaliyar (A Grade)
2nd -Sonu Shaji Chettuparambil, Neyyassery, Karimanoor (A Grade)

3rd -Josna Johnson Pattarumadam, Chalassery, Muvattupuzha (A Grade)

Senior Boys

1st -Dones DaieThurackal Puthampurayil, Muthalakodam (B Grade)
2nd -Jithin Jose Ezhakunnel, Nediyacadu, Thodupuzha (C Grade)
3rd -Manu Emmanuel Chettoor, Peringazha, Muvattupuzha (C Grade)

Senior Girls

1st -Divya Mathew Mundackal, Kothamanglam (B Grade)
2nd -Manjima Kurian Mankuthel, Enanalloor, Vazhakulam (B Grade)
3rd -Anusha Baby Keeramthadathil, Arakuzha, Muvattupuzha (B Grade)

Super Senior Boys

1st -Joice Thomas Parayil, Muthalakodam (B Grade)
2nd -Tytus Thomas Maruthuvamalayil, Paingattoor, Kaliyar(B Grade)
3rd -Mathews Joseph Pallikunnel, Muthalakodam (B Grade)

Super Senior Girls

1st -Nenu Saju Thurackal, Muthalakodam (A Grade)
2nd -Reshma Michael, Kuthungal, Nedungapara (B Grade)
3rd -Anitta Shaji Parathalackal, Muthalakodam (B Grade)

## Solo

Sub Junior Boys

1st -Alfred Gigi Kurukkankunnel, Mylacombu,Thodupuzha (A Grade)
2nd -Jerin Baby Nellikunnel, Muthalakodam (A Grade)
3rd -Sarath Saji Thottumchalil, Vazhakulam (A Grade)

Sub Junior Girls

1st -Ann Maria Baiju Edavana, Nediyacadu, Thodupuzha (A Grade)
2nd -Hilda Rosa Vince Mappalakayil, Malipara, Kothamangalam (A Grade)
3rd -Jyothis Maria Saji Maippaan, Kuttampuzha, Kothamangalam (A Grade)

Junior Boys

1st -Akash P. Jenson Puthempurackal, Vazhakulam (A Grade)
